ഉത്തരം

(എ) രണ്ട് സെല്ലുകൾ.

(ബി) റാബീസ് ഹൈഡ്രോഫോബിയ (പേപ്പട്ടിവിഷബാധ) രോഗം സംശയിക്കത്തക്കവണ്ണമുള്ള രോഗലക്ഷണങ്ങൾ ഉള്ളവരെ ചികിത്സിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഇതുകൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ ജനറൽ വാർഡിലുള്ള മറ്റുരോഗികൾക്ക് ഭയവും ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനുമായും പേവിഷബാധയുടെ രോഗലക്ഷണങ്ങൾ ഉണ്ടെന്ന് സംശയിക്കുന്നവരെ ഈ സെല്ലുകളിൽ മാറ്റി താമസിപ്പിക്കാറുണ്ട്.

(സി) നിലവിലുള്ള സൗകര്യങ്ങൾവച്ച് രോഗലക്ഷണങ്ങൾ നിരീക്ഷിച്ചു മാത്രമേ രോഗബാധിതരുടെ രോഗം സ്ഥിരീകരിക്കുവാൻ കഴിയുകയുള്ളൂ. നിശ്ചിത കാലയളവിലുള്ള നിരീക്ഷണം രോഗ നിർണ്ണയത്തിന് അത്യാവശ്യമാണ്.

(ഡി) ഇല്ല. അറിവിൽപ്പെട്ടിടത്തോളം നമ്മുടെ സംസ്ഥാനത്തിലൊരിടത്തും ഇതിനായുള്ള സംവിധാനങ്ങൾ ലഭ്യമല്ല.

(ഇ) പ്രവേശിപ്പിച്ചിരുന്നു.

(എഫ്) നിരീക്ഷണത്തിനായി റാബീസ് ഐസൊലേഷൻ വാർഡിൽ കിടത്തിയിരുന്നു

(ജി) ഇല്ല.

കെട്ടിടങ്ങൾക്ക് ആഡംബര നികുതി

154 [2592] *ശ്രീ. സി. ടി. അഹമ്മദ്അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾക്ക് ആഡംബര നികുതി ചുമത്തുന്നതിനുള്ള തറവിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ഏതെല്ലാം ഭാഗങ്ങളാണ് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ കണക്കാക്കുന്ന രീതിയനുസരിച്ച് തറവിസ്തീർണ്ണം ഉള്ളതിനേക്കാൾ വളരെ കുറച്ചാണ് കണക്കാക്കുന്നതെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തറവിസ്തീർണ്ണം ഉള്ളതുപോലെ കണക്കാക്കുവാനും ആഡംബര നികുതി ഒറ്റത്തവണയായി ഈടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 278.7 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് ആഡംബര നികുതി ചുമത്തിവരുന്നു.

(ബി) കെട്ടിടത്തിന്റെ കൂടുതൽ സൗകര്യപ്രദമായ ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഔട്ട്ഹൗസ്, ഗ്യാരേജ് എന്നിവയുൾപ്പെടെയുള്ള കെട്ടിടത്തോടുചേർന്ന് നിർമ്മിക്കുന്ന എല്ലാ ഭാഗങ്ങളുടെയും തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ തറവിസ്തീർണ്ണം കണക്കാക്കുന്നതിന് പരിഗണിക്കും.

(സി) ഇപ്പോൾ കണക്കാക്കുന്ന രീതിയനുസരിച്ച് ശരിയായ തറവിസ്തീർണ്ണം തന്നെയാണ് കണക്കാക്കുന്നത്.

(ഡി) തറവിസ്തീർണ്ണം ഉള്ളതുപോലെ തന്നെയാണ് കണക്കാക്കുന്നത്. ആഡംബര നികുതി ഒറ്റത്തവണയായി ഈടാക്കുന്നകാര്യം പരിഗണനയിലില്ല.

സർക്കാരിന്റെ വകയായുള്ള ആകെ മിച്ചഭൂമി

155 [2593] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വകയായി ആകെ എത്ര ഏക്കർ മിച്ചഭൂമി ഇപ്പോൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും ഇവ ഏതൊക്കെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എത്ര ഏക്കർവീതമാണെന്നും വിശദമാക്കാമോ;

(സി) ഭൂമി സൗജന്യമായി ലഭിച്ച വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേര് വെളിപ്പെടുത്താമോ;

(ഡി) സർക്കാർ അനുവദിച്ച മിച്ചഭൂമി അപേക്ഷിച്ച ആവശ്യത്തിന് ഉപയോഗിക്കാത്തതിന്റെപേരിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly